**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** | **20-01-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുടെ സംഭരണവും സംരക്ഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനുമായി സർക്കാർ ഉടമസ്ഥതയിലും അല്ലാത്തതുമായ 241 ഗോഡൗണുകൾ സപ്ലൈകോ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ഫ്യൂമിഗേറ്റ് ചെയ്ത് ഭക്ഷ്യധാന്യങ്ങൾ കേട് വരാതെ സംരക്ഷിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പുതിയ ഗോഡൗണുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ശാസ്ത്രീയമായി പണികഴിപ്പിച്ച ഗോഡൗണുകൾ സപ്ലൈകോ മാനദണ്ഡങ്ങൾ പ്രകാരം ദീർഘകാല കരാർ വ്യവസ്ഥയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു. തിരുവനന്തപുരം മേഖലയിൽ വലിയതുറയിൽ സപ്ലൈകോയുടെ ഉടമസ്ഥതയിൽ 25000 sq.ft NFSA ഗോഡൗൺ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു. കൊല്ലം ഡിപ്പോയുടെ കീഴിൽ സപ്ലൈകോ ഉടമസ്ഥതയിൽ 30,000 sq.ft വരുന്ന ഗോഡൗണിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ ഡിപ്പോയിൽ സപ്ലൈകോയുടെ 7 സ്പാൻ ഗോഡൗൺ 40 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചു. തിരുവനന്തപുരത്ത് മച്ചേൽ, മുണ്ടേല എന്നീ സ്ഥലങ്ങളിൽ ദീർഘകാല കരാർ വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികളിൽ നിന്നും ശാസ്ത്രീയ ഗോഡൗണുകൾ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ച് വരുന്നു. പാലക്കാട് ആലത്തൂരിൽ 13000 sq.ft വരുന്ന ശാസ്ത്രീയ ഗോഡൗൺ ദീർഘകാല കരാർ വ്യവസ്ഥയിൽ ഏർപ്പെട്ട് പ്രവർത്തിച്ച് വരുന്നു. തിരൂരിൽ 40,000 sq.ft വരുന്ന ശാസ്ത്രീയ ഗോഡൗൺ സ്വകാര്യവ്യക്തിയിൽ നിന്നും ഏറ്റെടുത്ത് പ്രവർത്തനം ഈ മാസം ആരംഭിക്കുന്നുണ്ട്. ശാസ്ത്രീയമായ ഗോഡൗൺ ഇല്ലാത്ത 30 ഡിപ്പോകൾക്കായി Expression of Interest ക്ഷണിക്കുകയും ആയത് പ്രകാരം 97 അപേക്ഷകൾ ലഭ്യമാവുകയും ആയതിന്റെ മേഖലാ |

| | | | |
|---|---|---|---|
| | | | തലത്തിലുള്ള സ്ഥലപരിശോധന നടന്നു വരികയും ചെയ്യുന്നു |

സെക്ഷൻ ഓഫീസർ